Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

## വിപുലമായ പ്രക്ഷേപണവുമായി ദൂരദർശൻ

തിരുവനന്തപുരം; 15 ജനുവരി 2015: നാഷണൽ ഗെയിംസിനെ ഇന്ത്യയൊട്ടുക്കുമെത്തിക്കാൻ ഔദ്യോഗിക സംപ്രേഷകരായ ദൂരദർശൻ. ഗെയിംസിനായി സംപ്രേഷണം ചെയ്യേ പരിപാടികളെക്കുറിച്ചുള്ള വിശദമായ പദ്ധതി ദൂരദർശൻ തയ്യാറാക്കി. നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റിൽ ചേർന്ന ദൂരദർശൻ ഉന്നത തല പ്രതിനിധികളുടെയും നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റി പ്രതിനിധികളുടെയും സംയുക്ത യോഗത്തിൽ ഇതു സംബന്ധിച്ച് ധാരണയായി. വ്യാപകമായ സംപ്രേഷണം മുൻനിർത്തി സ്വീകരിക്കേ തയ്യാറെടുപ്പുകൾ സംബന്ധിച്ചും യോഗം വിശദമായി ചർച്ച ചെയ്തു.

മത്സരം നടക്കുന്ന വിവിധ വേദികളിൽ ലഭ്യമാക്കേ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് വിവിധ സംഘങ്ങളായി തിരിഞ്ഞ് ഏഴു ജില്ലകളിലെ 29 വേദികളിലും ദൂരദർശൻ ടീം സന്ദർശനം നടത്തി.

ദൂരദർശൻ അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. മഹേഷ് ജോഷി, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. റഫീഖ് മസൂദി, സ്പോർട്സ് കൺസൽട്ടന്റ് ശ്രീ. ഇ.എസ്. ഐസക്ക്, ഡയറക്ടർ ഇൻജിനീയറിംഗ് ശ്രീ. നന്ദ്ലാൽ തുടങ്ങിയവരും നാഷണൽ ഗെയിംസ് സംഘാടക സമിതി പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.



മത്സരങ്ങളുടെ തത്സമയ സംപ്രേഷണം, ഹൈലൈറ്റ്സ്, വാർത്താ പരിപാടികൾ, അഭിമുഖം എന്നിവയുൾപ്പെടെ വിപുലമായ പരിപാടികളാണ് ഗെയിംസിന്റെ ദൂരദർശൻ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ആസൂത്രണം ചെയ്തിട്ടുള്ളത്.

ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകളും തുടർന്ന് അരങ്ങേറുന്ന കലാസന്ധ്യയും ദൂരദർശനിലൂടെ ലോകമെമ്പാടുമുള്ള പ്രേക്ഷകരുടെ സ്വീകരണ മുറികളിലേക്കെത്തും. ഡി.ഡി നാഷണൽ, ഡി.ഡി. സ്പോർട്സ്, ഡി.ഡി. മലയാളം എന്നിവയുൾപ്പെടെ ദൂരദർശന്റെ ഇന്ത്യയിലെ എല്ലാ പ്രാദേശിക ഭാഷാ ചാനലുകളിലും ഗെയിംസും അനുബന്ധ പരിപാടികളും ഇടം നേടും.

ഗെയിംസ് നടക്കുന്ന 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെയുള്ള ദിനങ്ങളിൽ 24-മണിക്കൂർ ഹൈലൈറ്റ്സ്, വാർത്താ പരിപാടികൾ, അഭിമുഖങ്ങൾ എന്നിവ ഡി.ഡി- സ്പോർട്സ് ചാനലിൽ ഉാകും. അത്‌ലറ്റിക്സ്, അക്വാട്ടിക്സ്, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, കബഡി, ടെന്നീസ്, ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ, ബാഡ്മിന്റൺ, ബോക്സിംഗ് തുടങ്ങിയ ജനപ്രിയ മത്സരങ്ങളുടെ തത്സമയ സംപ്രേഷണം പ്രേക്ഷകരിലെത്തിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തും. ഇതര മത്സരങ്ങളുടെ പ്രധാന ഭാഗങ്ങൾ ഹൈലൈറ്റ്സുകളായി വിവിധ ദിവസങ്ങളിൽ സംപ്രേഷണം ചെയ്യും.

കോമൺ വെൽത്ത് പോലുള്ള രാജ്യാന്തര കായിക മേളകളിൽ ഉപയോഗിച്ചു വരുന്ന ഹൈ ഡെഫിനിഷൻ ക്യാമറകൾ, എച്ച്.ഡി. ഒ.ബി.വാനുകൾ നീന്തൽ മത്സര ദൃശ്യങ്ങൾ പകർത്താനുള്ള അർ വാട്ടർ ക്യാമറകൾ, നൂതന ഗ്രാഫിക്സ് സങ്കേതങ്ങൾ തുടങ്ങി സാങ്കേതിക രംഗത്തെ സർവ്വ സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊള്ള ഒരു ദൃശ്യവിരുന്നാണ് ദൂരദർശൻ നാഷണൽ ഗെയിംസിനായി സജ്ജമാക്കുന്നത്.